കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- "മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതി"- 2026 ജനുവരി മാസത്തെ സ്കോളർഷിപ്പ് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (തൊഴിൽ) വകുപ്പ്

G.O.(Rt) No.602/2026/FIN — തീയതി, തിരുവനന്തപുരം, 21/01/2026

---

പരാമർശം:-
1. സ.ഉ (സാധാ) നം.137/2025/ധന, തീയതി. 01.11.2025
2. സ.ഉ (കൈ) നം.30/2025/തൊഴിൽ, തീയതി. 10.11.2025
3. സ.ഉ (സാധാ) നം.9604/2025/ധന, തീയതി. 29.11.2025
4. സ.ഉ (സാധാ) നം.531/2026/ധന, തീയതി. 19.01.2026
5. സ.ഉ (സാധാ) നം.500/2026/ധന, തീയതി. 18.01.2026
6. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ 19.01.2026 ലെ KSSPL/FIN/07/2019 നമ്പർ കത്ത്.
7. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 19.01.2026 തീയതിയിലെ DE/112/2026-Q2 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ അഭ്യസ്തവിദ്യരും തൊഴിലിനായി വിവിധ പരിശീലനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതുമായ ചെറുപ്പക്കാർക്ക് ഒരു സഹായം എന്ന നിലയിൽ "മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതി" നടപ്പിലാക്കുന്നതിന് സൂചന 1 പ്രകാരം തത്വത്തിൽ അംഗീകാരം നൽകുകയും സൂചന 2 പ്രകാരം പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങളും മറ്റ് നിബന്ധനകളും പുറപ്പെടുവിക്കുകയും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി മുഖാന്തിരം ധനസഹായം വിതരണം ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്.

പ്രതിവർഷ വരുമാനം 5 ലക്ഷം രൂപയിൽ താഴെയുള്ള പ്ലസ് ടു/ഐ.ടി.ഐ/ ഡിപ്ലോമ/ഡിഗ്രി പഠനത്തിന് ശേഷം വിവിധ സ്കിൽ കോഴ്സുകളിൽ പഠിക്കുന്നവരോ വിവിധ ജോലി/മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവരോ ആയ 18 മുതൽ 30 വയസ്സ് വരെയുള്ള യുവതി/യുവാക്കൾക്ക് പരമാവധി ഒരു വർഷത്തേക്ക് പ്രതിമാസം 1000/-രൂപ വീതം ധനസഹായം അനുവദിക്കുന്നതാണ് പദ്ധതി.

ടി പദ്ധതിയുടെ നടത്തിപ്പിലേക്കായി സൂചന 3 ഉത്തരവിൻ പ്രകാരം Director of Employment (CCO Code:200 A) CCO ആയി 2230-02-800-93(PV) എന്ന ശീർഷകം തുറക്കുകയും സൂചന 4 പ്രകാരം ടി ശീർഷകത്തിൽ 15 കോടി രൂപ അധിക തുകയായി

അനുവദിച്ചിട്ടുള്ളതുമാണ്.

കൂടാതെ, പദ്ധതിയുടെ DDO ആയി ധനകാര്യ വകുപ്പ് DDO യെ ചുമതലപ്പെടുത്തിയും ട്രഷറി ഇടപാടുകൾ സെക്രട്ടേറിയറ്റ് സബ് ട്രഷറി മുഖേന നടത്തുന്നതിനുള്ള അനുമതി നൽകിയും സൂചന 5 പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.

പദ്ധതി നടത്തിപ്പിനായി എംപ്ലോയ്മെന്റ് വകുപ്പിന്റെ പോർട്ടൽ വഴി അപേക്ഷ സ്വീകരിക്കുകയും ആയതിൽ അർഹരെന്ന് കണ്ടെത്തിയവരുടെ പട്ടിക തയ്യാറാക്കി ജനുവരി മാസത്തെ സ്റ്റൈപ്പന്റ് അനുവദിക്കുന്നതിനായി എംപ്ലോയ്മെന്റ് ഡയറക്ടർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരിശോധിക്കുകയും, എംപ്ലോയ്മെന്റ് ഡയറക്ടർ ലഭ്യമാക്കിയിരിക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൻ പ്രകാരം അർഹരാണെന്ന് കണ്ടെത്തിയ 10,000 ഗുണഭോക്താക്കൾക്ക് 1000 രൂപ വീതം 2026 ജനുവരി മാസത്തെ സ്കോളർഷിപ്പ് വിതരണം നടത്തുന്നതിനായി കാനറാ ബാങ്ക്, സ്റ്റാച്യൂ ബ്രാഞ്ചിൽ (IFSC-CNRB0014000) ആരംഭിച്ച 110278497113 നമ്പർ അക്കൗണ്ടിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി ലിമിറ്റഡ് അഡ്വാൻസായി അനുവദിച്ചിട്ടുള്ള 5 കോടി രൂപയിൽ നിന്നും 1 കോടി രൂപ വിനിയോഗിച്ച് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**കെ ആർ ജ്യോതിലാൽ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്-I), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്-II), കേരള, തിരുവനന്തപുരം.
4. തൊഴിലും നൈപുണ്യവും (ജി)വകുപ്പ്.
5. എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.
6. ധനകാര്യ (ബഡ്ജറ്റ്-എച്ച്) വകുപ്പ്.
7. ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം.
8. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്, തിരുവനന്തപുരം.
9. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sreeka

**സെക്ഷൻ ഓഫീസർ**